മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 247.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) നൂറനാട് എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പൂപ്പാറ ബെവ്കോ ഔട്ട്‌ലെറ്റിലെ സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിംഗ്**

390 (3418) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൂപ്പാറ ബെവ്കോ ഔട്ട്‌ലെറ്റിൽ ജോലിചെയ്തു വരവെ 2018 ഏപ്രിൽ 30-ന് മരണമടഞ്ഞ ബാബു മാത്യുവിന് സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിംഗിനെ തുടർന്നുണ്ടായ സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച ഫയലിലെ വിവരം വിശദമാക്കാമോ?

കെ.എസ്.ബി.സി-യുടെ എഫ്.എൽ. 01-6018 പൂപ്പാറ ചില്ലറ വില്പനശാലയിൽ പ്രവൃത്തിയെടുത്തിരുന്ന ബാബു മാത്യുവിന് 1-4-2015 മുതൽ 30-4-2018 വരെ 10,01,484 രൂപ (പത്ത് ലക്ഷത്തി ആയിരത്തി നാനൂറ്റി എൺപത്തി നാല് രൂപ മാത്രം) ആകെ ബാദ്ധ്യതയുള്ളതായി കെ.എസ്.ബി.സി-യുടെ ആഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നു. ടിയാന്റെ ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

<u>സ്റ്റോക്ക് ബാദ്ധ്യത</u>

| ക്രമ നമ്പർ | ബാധ്യത കാലയളവ് | ബാദ്ധ്യത തുക |
|---|---|---|
| 1 | 1-4-2015 മുതൽ 30-9-2015 വരെ | 92,096 |
| 2 | 1-10-2016 മുതൽ 31-3- 2017 വരെ | 3,49,352 |
| 3 | 1-6-2017 മുതൽ 25-8-2017 വരെ | 5,47,889 |

<u>കാർട്ടൺ ബാദ്ധ്യത</u>

| ക്രമ നമ്പർ | ബാധ്യതാ കാലയളവ് | ബാദ്ധ്യത തുക |
|---|---|---|
| 1 | 1-4-2016 മുതൽ 18-7-2016 വരെ | 3,115 |
| 2 | 1-10-2016 മുതൽ 31-3-2017 വരെ | 9,032 |

ഇതിൽ 1,13,646 രൂപ തിരികെ പിടിച്ചിട്ടുണ്ട്. 9,09,388 രൂപ മുതലും 89,247 രൂപ പലിശയും (12%) ചേർത്ത് 9,98,635 രൂപ തിരിച്ച് പിടിക്കേണ്ടതായുണ്ട്. ബാബു മാത്യുവിന്റെ ബാദ്ധ്യതാ തുക ഒഴിവാക്കുന്നതിനായി ടിയാന്റെ ഭാര്യ സമർപ്പിച്ച നിവേദനം പരിഗണിച്ചുകൊണ്ട് ടി വിഷയം കെ.എസ്.ബി.സി.-യുടെ ഡയറക്ടർ ബോർഡ് പരിഗണിക്കുകയും ടിയാളുടെ പരാതിയുടെ സത്യാവസ്ഥ മനസ്സിലാക്കുന്നതിനും ബാബു മാത്യുവിന്റെ ബാദ്ധ്യതാ തുകയിൽ കുറവു വരുത്തുന്നതിനുമായി ജനറൽ മാനേജർ (ഭരണം), ഇന്റേണൽ ആഡിറ്റർ, മാനേജർ (ഭരണം) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുവാൻ ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) മേപ്പടിയാൾക്ക് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അന്വേഷണ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly